# കേരള സർവകലാശാല

നം. പി.ആർ.012/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.ആർക് പരീക്ഷ മാറ്റി

കേരള സർവകലാശാല 2017 ജനുവരി 23-ന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ ബി.ആർക് (2013 സ്കീം) ആർക്കിടെക്ചറൽ ഗ്രാഫിക്സ് II എന്ന പരീക്ഷ ജനുവരി 31-ന് നടത്തും. സമയത്തിന് മാറ്റമില്ല.

### ബി.സി.എ/ ബി.ബി.എ/ ബി.എസ്സി/ ബി.വോക് ഫലം

കേരള സർവകലാശാല 2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ ബി.സി.എ, ബി.ബി.എ (സപ്ലിമെന്ററി), ബി.എസ്സി (കമ്പ്യൂട്ടർ സയൻസ്), ബി.വോക് (ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. ഈ പരീക്ഷകളുടെ പുനർമൂല്യനിർണ്ണയത്തിനുള്ള അപേക്ഷ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളു.

### മാത്തമാറ്റിക്സ് പ്രോഗ്രാം

കേരള സർവകലാശാല കാര്യവട്ടം ഗണിത ശാസ്ത്ര പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി എട്ട്, ഒമ്പത്, 10 തീയതികളിൽ നടത്തുന്ന Mathematics Outreach പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമേ പ്രവേശനം ലഭിക്കുകയുള്ളു. വിശദവിവരങ്ങൾക്ക് ഫോൺ : 8129391763, 0471-2308303.

### ലൈബ്രറി & ഇൻഫർമേഷൻ സയൻസ് പരീക്ഷ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രത്തിന്റെ പി.എം.ജി ഓഫീസിലും കൊല്ലം ടി.കെ.എം ആർടസ് ആൻഡ് സയൻസ് കോളേജിലും കാഞ്ഞിരംകുളം കെ.എൻ.എം ഗവ.കോളേജിലും ശ്രീകാര്യം ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസസിലും ഫെബ്രുവരി ആദ്യവാരം ആരംഭിക്കുന്ന ലൈബ്രറി & ഇൻഫർമേഷൻ സയൻസ് (ന്യൂ സ്കീം) കോഴ്സ് പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. ഫെബ്രുവരി ഏഴ്, ഒമ്പത്, 13, 15, 17, 20 തീയതികളിൽ ഉച്ചയ്ക്ക് രണ്ട് മണിമുതൽ നാല് മണിവരെ അതത് കേന്ദ്രങ്ങളിൽ പരീക്ഷ നടത്തും. പിഴകൂടാതെ ജനുവരി 23 (50 രൂപ പിഴയോടെ ജനുവരി 27, 250 രൂപ പിഴയോടെ ജനുവരി 30) വരെ ഫീസടയ്ക്കാം. പ്രോജക്ട് പിഴകൂടാതെ ജനുവരി 30 (100 രൂപ പിഴയോടെ ഫെബ്രുവരി ഒന്ന് വരെ) സമർപ്പിക്കാം. വിശദവിവരങ്ങൾക്ക് ഫോൺ : 0471-2302523.

### യോഗ തെറാപ്പി കോഴ്സ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ യോഗ തെറാപ്പി കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: ഡിഗ്രി (കേരള സർവകലാശാല അംഗീകാരമുള്ളത്), ഫീസ് 19500 രൂപ. കാലാവധി ഒരു വർഷം. ക്ലാസ്സ് തിങ്കൾ മുതൽ ശനി വരെ രാവിലെ ഏഴ്

മണിമുതൽ ഒമ്പത് മണിവരെ നടത്തും. അപേക്ഷഫീസ് 100 രൂപ. അവസാന തീയതി 2017 ജനുവരി 31. ഫോൺ. 0471-2302523.

## എം.എസ്സി കമ്പ്യൂട്ടർ സയൻസ് പരീക്ഷ

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം രണ്ടും മൂന്നും സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് പരീക്ഷയ്ക്ക് പിഴ കൂടാതെ ജനുവരി 24 (50 രൂപ പിഴയോടെ 2017 ജനുവരി 27, 250 രൂപ പിഴയോടെ ജനുവരി 30) വരെ ഫീസടക്കാം. 2014 അഡ്മിഷൻ ലഭിച്ചവർ ഓൺലൈനായും മറ്റുള്ളവർ ഓഫ്ലൈനായും അപേക്ഷിക്കാം. മൂന്നാം സെമസ്റ്റർ പരീക്ഷ ഫെബ്രുവരി 20-നും രണ്ടാം സെമസ്റ്റർ പരീക്ഷ മാർച്ച് ആറിനും ആരംഭിക്കും. ഓൺലൈൻ രജിസ്ട്രേഷൻ ജനുവരി 18 മുതൽ ചെയ്യാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് പരീക്ഷ പുതുക്കിയ ടൈംടേബിൾ

കേരള സർവകലാശാല മൂന്നാം സെമസ്റ്റർ ബി.ടെക്. (2013 സ്കീം) കാര്യവട്ടം എഞ്ചിനീയറിംഗ് കോളേജ് റഗുലർ (2015 അഡമിഷൻ) പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും

തിരുവനന്തപുരം.
17.01.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098